# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

റോഡപകടങ്ങൾ കുറയ്ക്കാൻ പ്രത്യേക എൻഫോഴ്സ്മെന്റ് വിഭാഗം

794 ശ്രീ. മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ കുറയ്ക്കാനായി പ്രത്യേക എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ട്രാൻസ്പോർട്ട് കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പുതിയ എൻഫോഴ്സ്മെന്റിന്റെ ചുമതലകൾ എന്തെല്ലാമായിരിക്കുമെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ നടപടികൾ

795 ശ്രീ. വർക്കല കഹാർ
,, വി.റ്റി. ബൽറാം
,, ഷാഫി പറമ്പിൽ
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച കരാറിന്റെ കാലാവധി എന്നാണ് അവസാനിച്ചത്;

(ബി) കാലാവധി കഴിഞ്ഞശേഷം മുൻ ഗവൺമെന്റിന്റെ കാലത്ത് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ആരൊക്കെയായിട്ടാണ് ചർച്ചകൾ നടത്തിയത്;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ശമ്പളപരിഷ്ക്കരണ ചർച്ചകൾ പുനരാരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ശമ്പള പരിഷ്ക്കരണ നടപടികൾ എന്നത്തേക്ക് ആരംഭിച്ച് പൂർത്തിയാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>കെ. എസ്. ആര്‍. ടി. സി. ബസ്സുകള്‍</u>

796 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേടായിക്കിടക്കുന്ന കെ. എസ്. ആര്‍. ടി. സി. ബസ്സുകള്‍ നന്നാക്കിയെടുത്ത് സര്‍വ്വീസിലാക്കാന്‍ അടിയന്തിര നടപടികള്‍ സ്വീകരിക്കുമോ;

(ബി) മുന്‍ സര്‍ക്കാരിന്റെ കാലത്ത് കെ. എസ്. ആര്‍. ടി. സി. ഡ്രൈവര്‍മാരുടെ ലിസ്റ്റില്‍ നിന്ന് നിയമനം നടത്താന്‍ സര്‍ക്കാര്‍ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; എത്ര പേര്‍ക്ക് നിയമനം നല്‍കി എന്നറിയിക്കുമോ;

(സി) നിലവില്‍ കെ. എസ്. ആര്‍. ടി. സി.യില്‍ ഡ്രൈവര്‍ തസ്തികയില്‍ എത്ര ഒഴിവുണ്ട് എന്ന് വ്യക്തമാക്കുമോ; ഇതിന്റെ ജില്ല തിരിച്ചുള്ള എണ്ണം അറിയിക്കുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ എണ്ണം

797

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ക്ക് എത്ര ബസ്സുകൾ ഉണ്ടെന്നും എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്നും എത്ര ബസ്സുകൾ കേടായിക്കിടക്കുന്നുവെന്നും ഡിപ്പോ/സബ് ഡിപ്പോ/ഓപ്പറേറ്റിംഗ് സെന്റർ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) കെ. എസ്. ആർ. ടി. സി. ബസ്സുകൾ കേടാവുന്നത് എന്തെല്ലാം കാരണങ്ങളാലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>അന്തർ സംസ്ഥാന സർവ്വീസുകൾ</u>

798 ശ്രീ. റ്റി.യു. കുരുവിള
ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ഇപ്പോൾ എത്ര അന്തർ സംസ്ഥാന സർവീസുകൾ നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എല്ലാ സർവ്വീസുകളും ലാഭത്തിൽ ആണോ നടന്നുവരുന്നത്; നഷ്ടത്തിൽ ഏതെങ്കിലും സർവ്വീസുകൾ നടത്തുന്നുണ്ടോ;

(സി) പുതിയ റൂട്ടുകളിൽ അന്തർ സംസ്ഥാന സർവ്വീസുകൾ തുടങ്ങുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ വർഷം സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി എത്ര പുതിയ ബസ്സുകൾ ഇറക്കുവാൻ ഉദ്ദേശിക്കുന്നു?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>കെ.എസ്. ആർ.ടി.സി. പുതുതായി വാങ്ങിയ ബസുകൾ</u>

799 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. എത്ര ബസുകളാണ് പുതുതായി വാങ്ങിയത്; ഏതെല്ലാം തരത്തിലുളളവ;

(ബി) കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന നഷ്ടം എത്രയാണ്;

(സി) നഷ്ടം നികത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) എം.എൽ.എ.മാരുടെ അപേക്ഷപ്രകാരം പുതിയ ബസ് റൂട്ടുകൾ അനുവദിക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സിയിൽ സൗജന്യയാത്ര</u>

800 ശ്രീ. ബി.ഡി. ദേവസ്സി
,, റ്റി.വി. രാജേഷ്
,, ആർ. രാജേഷ്
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് സൗജന്യയാത്ര ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇപ്പോൾ കെ.എസ്.ആർ.ടി.സി. നാമമാത്രമായ ഇളവുകളേ വിദ്യാർത്ഥികൾക്ക് നൽകുന്നുള്ളു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിർദ്ധനരായ തൊഴിലാളികളുടേയും മറ്റും കുട്ടികൾക്ക് പഠനാർത്ഥമുള്ള യാത്ര താങ്ങാൻ കഴിയുന്നില്ലെന്ന യാഥാർത്ഥ്യം സർക്കാർ പരഹരിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>നെടുംകണ്ടത്ത് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ</u>

801 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ നെടുംകണ്ടത്ത് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ അനുവദിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആവശ്യത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) കുമിളി-നെടുംകണ്ടം-മൂന്നാർ, നെടുംകണ്ടം-കമ്പം റൂട്ടിൽ പുതിയതായി കെ.എസ്.ആർ.ടി.സി. ബസുകൾ അനുവദിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത ആവശ്യത്തിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

## ബസ്സുകൾക്ക് ആവശ്യമായ സ്പെയർ പാർട്സുകൾ ലഭ്യമാക്കാൻ നടപടി

802 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ആവശ്യമായ സ്പെയർ പാർട്സുകൾ ഇപ്പോൾ ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആവശ്യമായ സ്പെയർ പാർട്സുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; മുൻവർഷത്തേതിൽ നിന്ന് ഈ വർഷം വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി ബസ്സുകളുടെ ബോഡി നിർമ്മാണം

803 ശ്രീ. വി. ഡി. സതീശൻ
,, കെ. ശിവദാസൻ നായർ
,, റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണം കോർപ്പറേഷൻ മറ്റ് ഏജൻസികളെ കൊണ്ടാണോ നടത്തുന്നത് ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(സി) ബസ്സുകളുടെ ബോഡി നിർമ്മാണം പുനരാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) സംസ്ഥാനത്തെ ഏതെല്ലാം യൂണിറ്റുകളിലാണ് ബോഡി നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നത് ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

കെ.എസ്.ആര്‍.ടി.സി. ബസുകളുടെ സമയവിവരം

804 ശ്രീ.കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി.ബസ്സുകളുടെ സമയ വിവരം എസ്.എം.എസ്.വഴി നല്‍കുന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ ;

(ബി) എങ്കില്‍ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) യാത്രക്കാരന് എസ്.എം.എസ്.അയക്കുക വഴി എത്ര രൂപയുടെ സാമ്പത്തിക ബാധ്യതയുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) മൊബൈല്‍ ഫോണ്‍ കമ്പനികള്‍ക്ക് ഇതുവഴി ലാഭമുണ്ടാകുന്നുണ്ടോ എന്ന് നിരീക്ഷിച്ചിട്ടുണ്ടോ ;

(ഇ) ടോള്‍ ഫ്രീ നമ്പറുകള്‍ പോലെ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉപഭോക്താവിന് സൗജന്യമായി വിവരം നല്‍കുന്ന ഒരു സംവിധാനം ഏര്‍പ്പെടുത്തുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ</u>

805 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യുടെ സഞ്ചിത നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രതിദിനം ശരാശരി എത്ര രൂപ കളക്ഷനും എത്ര രൂപ ചെലവും വരുന്നുണ്ട് ;

(സി) നഷ്ടത്തിൽ നിന്നും കരകയറ്റുന്നതിനു സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം പദ്ധതികൾ സ്വീകരിച്ചുവെന്നും പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>ചിറയിൻകീഴ് മണ്ഡലത്തിലെ യാത്രാ പ്രശ്നങ്ങൾ</u>

806 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ യാത്രാപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) കോവളം-കാപ്പിൽ ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് നിറുത്തി വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സർവ്വീസ് എന്നു മുതൽ പുനരാരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) കാപ്പിൽ, വർക്കല ക്ഷേത്രം, ശിവഗിരി, അഞ്ചുതെങ്ങ്, ചിറയിൻകീഴ്, ആറ്റിങ്ങൽ, ബൈപ്പാസ് വഴി കോവളത്തേയ്ക്ക് കെ.എസ്.ആർ.ടി.സി. ലോഫ്ളോർ എ.സി. ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>പൊന്നാനി - തൃശ്ശൂർ റൂട്ടിൽ പുതിയ ബസ്സ് സർവ്വീസ്</u>

807 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കെ.എസ്.ആർ.റ്റി.സി ഡിപ്പോയിൽ നിന്നും കുണ്ടുകടവ് ജംഗ്ഷൻ വഴി കുന്ദംകുളം, തൃശ്ശൂർ ഭാഗത്തേക്ക് ബസ്സ് സർവ്വീസ് ഇല്ലാത്തത് മൂലം ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റൂട്ടിൽ പുതിയ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

ബസ്സുകൾ അനുവദിക്കാൻ നടപടി

808 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പയ്യന്നൂർ - തലിപ്പാലം - തൃക്കരിപ്പൂർ ദേശസാൽകൃത റൂട്ടിൽ കൂടുതൽ കെ. എസ്. ആർ. ടി. സി. ബസ്സുകൾ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>ഫെയർ സ്റ്റേജ്</u>

809 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഫെയർ സ്റ്റേജ് എന്നാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്;

(ബി) ഇതിൽ അപാകതകളുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫെയർസ്റ്റേജിന്റെ അടിസ്ഥാനത്തിൽ ബസ്സ് ചാർജ്ജ് വർദ്ധിപ്പിക്കുമ്പോൾ യാത്രക്കാർ കൂടുതൽ തുക നൽകേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

ഫെയർസ്റ്റേജ് അനുവദിക്കുന്നതിന് നടപടി

810 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ ഗാരേജ് മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) ചടയമംഗലത്തുനിന്നും പുറപ്പെടുന്ന ശബരിമല തീർത്ഥാടകർക്ക് സൂപ്പർ ഫാസ്റ്റ് , എക്സ്പ്രസ്സ് ബസ്സുകൾക്ക് ഫെയർ സ്റ്റേജ് അനുവദിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>പൊന്നാനി കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്ക് ചുറ്റുമതിൽ</u>

811 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി നിയോജക മണ്ഡലത്തിലെ പൊന്നാനി കെ. എസ്.ആർ.ടി ഡിപ്പോയ്ക്ക് ചുറ്റുമതിൽ ഇല്ലാത്തതു മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും അപകടങ്ങളും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 80 ലക്ഷം രൂപ കോർപ്പറേഷനിൽ ഒടുക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത ഡിപ്പോയ്ക്ക് പിറകിലുള്ള ജനവാസകേന്ദ്രത്തിലേയ്ക്ക് പോകുന്നതിന് ഡിപ്പോയുടെ അതിർത്തിയിലൂടെ വഴിക്കായി സ്ഥലം സൗജന്യമായി വിട്ടുനൽകണമെന്ന നഗരസഭയുടെ അഭ്യർത്ഥന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത സ്ഥലം വിട്ടുനൽകി ചുറ്റു മതിൽ കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>ചേര്‍ത്തല കെ.എസ്.ആര്‍.ടി.സി.ഡിപ്പോയുടെ നവീകരണം</u>

812 ശ്രീ.പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേര്‍ത്തല കെ.എസ്.ആര്‍.ടി.സി.ഡിപ്പോയിലെ പോരായ്മകള്‍ പരിഹരിക്കുന്നതിനും ഡിപ്പോ നവീകരിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ബി) ബസ്സുകളുടെ കുറവ് മൂലം കൂടുതല്‍ കളക്ഷനുള്ള ചില സര്‍വ്വീസുകള്‍ പോലും മുടങ്ങുന്നകാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; ആവശ്യമായ ബസ്സുകള്‍ ചേര്‍ത്തല ഡിപ്പോയിലേയ്ക്ക് അനുവദിക്കാന്‍ നടപടി സ്വീകരിക്കുമോ ;

(സി) ചേര്‍ത്തല കെ.എസ്.ആര്‍.ടി.സി.ഡിപ്പോയില്‍ സ്വകാര്യ സംരംഭകരെ ഉള്‍ക്കൊള്ളിച്ച് ഷോപ്പിംഗ് കോംപ്ലക്സ് നിര്‍മ്മിക്കാനും ബസ്സ്സ്റ്റേഷന്‍,വെയിറ്റിംഗ് ഷെഡ് എന്നിവ നവീകരിക്കാനും ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>റോഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരണം</u>

813 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കുമെന്നുള്ള പ്രഖ്യാപനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

(ബി) ആയതിലേക്കായി എത്ര തസ്തികകളാണ് പുതിയതായി സൃഷ്ടിക്കാനുദ്ദേശിക്കുന്നത് ;

(സി) ട്രാൻസ്പോർട്ട് കമ്മീഷണർ തയ്യാറാക്കിയ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ;പ്രസ്തുത റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കാൻ നടപടി</u>

814 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ ജീവനക്കാരിൽനിന്നും എതിർപ്പുകളുണ്ടായിട്ടുണ്ടോ;

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനും നികുതിയും പിഴയും കൃത്യമായി ഈടാക്കുന്നതിനും എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കാൻ ട്രാൻസ്പോർട്ട് കമ്മീഷണർ മുഖ്യമന്ത്രിക്കു സമർപ്പിച്ച മുഖ്യ ശുപാർശകൾ എന്തൊക്കെയാണ്?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. യിൽ ഇ-ഗവേണൻസ്</u>

815 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി.ഡി. സതീശൻ
,, വർക്കല കഹാർ
,, റ്റി.എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ പോക്കുവരവ് അറിയുവാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) കോർപ്പറേഷനിൽ ഇ-ഗവേണൻസ് ആരംഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാം;

(ഡി) ഏതെല്ലാം ബസ്സ് സർവ്വീസുകളുടെ സമയവിവര പട്ടികയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

മലപ്പുറം കെ. എസ്. ആർ. ടി. സി.ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

816 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം നൂറുദിനപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) അതിന്റെ പ്രവൃത്തി ആരംഭിച്ച് ധൃതഗതിയിൽ പൂർത്തികരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

ബസ് ഷെഡ്യൂള്‍ മുടങ്ങുന്നതിന് പരിഹാരം

817 ശ്രീ.കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലം കുളത്തൂപ്പുഴ റൂട്ടില്‍ ചെയിന്‍സര്‍വ്വീസ് നടത്തുന്ന വേണാട് ബസ് ഷെഡ്യൂള്‍ പല സുപ്രധാന സമയങ്ങളിലും മുടങ്ങുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

കെ.എസ്.ആർ.റ്റി.സി. യുടെ ശരാശരി പ്രതിമാസ നഷ്ടം

818 ശ്രീ. പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.അർ.റ്റി.സി.യുടെ ശരാശരി പ്രതിമാസ നഷ്ടം എത്ര തുകയാണ് ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കെ.എസ്.ആർ.റ്റി.സി. യുടെ നഷ്ടം എത്രത്തോളം ലഘൂകരിക്കാൻ സാധിച്ചു ; വ്യക്തമാക്കുമോ ;

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യുടെ വരുമാന വർദ്ധന

819 ശ്രീ. എ. കെ. ബാലൻ
,, എ. എം. ആരിഫ്
,, കെ.കെ. ജയചന്ദ്രൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ചാർജ്ജ് നിരക്ക് പുതുക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകളെ എത്രയായി തരംതിരിച്ചിട്ടുണ്ട് ; തരംതിരിച്ച പട്ടികയും മിനിമം നിരക്കും വിശദമാക്കാമോ ; ഈ നിരക്കുകൾ പുതുക്കുന്നതിന് മുമ്പ് എത്രയായിരുന്നു ;

(സി) ശരാശരി പ്രതിമാസം കെ.എസ്.ആർ.ടി.സി ക്ക് ലഭിക്കുന്ന മൊത്ത വരുമാനം എത്ര കോടിയാണ്; നിരക്ക് വർദ്ധനയിലൂടെ വരുമാനം ശരാശരി എത്ര കോടിയായി വർദ്ധിക്കുകയുണ്ടായി?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. അന്തർ സംസ്ഥാന സർവ്വീസ്</u>

820 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഏറ്റവും കൂടുതൽ സ്വകാര്യ ബസ്സുകൾ അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന തൃക്കരിപ്പൂരിൽ നിന്നും കെ. എസ്. ആർ. ടി. സി. അന്തർ സംസ്ഥാന സർവ്വീസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. ജീവനക്കാർക്കെതിരെയുള്ള ആക്രമണം</u>

821 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കെ. എസ്. ആർ. ടി. സി. ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും നേരെ ആക്രമണം നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2010-11 വർഷത്തിൽ ഇത്തരത്തിൽ എത്ര ആക്രമണങ്ങൾ നടന്നു; ഇവ ഫലപ്രദമായി തടയുന്നതിനും ജീവനക്കാർക്ക് സംരക്ഷണം നൽകുന്നതിനുമായി സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. വാങ്ങിയ ടയറുകൾ

822 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 മുതൽ 2011 വരെ കെ. എസ്. ആർ. ടി. സി. ഓരോ വർഷവും എത്ര ടയറുകൾ വീതം വാങ്ങിയതായി അറിയിക്കുമോ ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് ടയർ വാങ്ങിയിരുന്നത് ; എത്ര വീതം ;

(സി) കെ. എസ്. ആർ. ടി. സി. യുടെ ആവശ്യങ്ങൾക്ക് അനുസരിച്ച് ടയറുകൾ ലഭ്യമാക്കുന്നതിന് സാധിച്ചിരുന്നോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

പൊന്നാനി - ബാംഗ്ലൂര്‍ ബസ് സര്‍വ്വീസ്

823 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊന്നാനിയില്‍ നിന്നും ബാംഗ്ലൂരിലേക്ക് ബസ് സര്‍വ്വീസില്ലാത്തത് മൂലം വിദ്യാര്‍ത്ഥികളും, മറ്റു യാത്രക്കാരും ബുദ്ധിമുട്ടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ നിലവില്‍ ഗുരുവായൂര്‍ ഡിപ്പോയില്‍ നിന്ന് കുന്നംകുളം വഴി സര്‍വ്വീസ് നടത്തുന്ന ബാംഗ്ലൂര്‍ ബസ്, പൊന്നാനി വഴി സര്‍വ്വീസ് നടത്തുവാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>ചേർത്തല - അരൂക്കുറ്റി റൂട്ട്</u>

824

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല - അരൂക്കുറ്റി റൂട്ടിൽ രാത്രി എട്ടു മണിക്കും പത്തു മണിക്കും ഇടയ്ക്ക് എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് സർവ്വീസ് നടത്തുന്നത്;

(ബി) വളരെ പ്രധാനപ്പെട്ട പ്രസ്തുത യാത്രാറൂട്ടിൽ എട്ടുമണിക്കു ശേഷം ബസ് സർവ്വീസ് ഇല്ലായെങ്കിൽ രാത്രി 8.45 നും രാത്രി 9.30 നും ഓരോ ബസ് ചേർത്തല ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

ബസ്സുകളുടെ സേവനം ഏറ്റവും കുറവ് ലഭ്യമാകുന്ന ജില്ലകള്‍

825

ശ്രീ. റോഷി അഗസ്റ്റിന്‍
,, പി. സി. ജോര്‍ജ്
,, തോമസ് ഉണ്ണിയാടന്‍
ഡോ. എന്‍. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആര്‍.റ്റി.സി. ബസ്സുകള്‍ നിലവില്‍ എത്ര കിലോമീറ്റര്‍ ദൈര്‍ഘ്യം പ്രതിദിനം സര്‍വ്വീസുകള്‍ നടത്തുന്നുണ്ട്;

(ബി) കെ.എസ്.ആര്‍.റ്റി.സി. ബസ്സുകളുടെ സേവനം ഏറ്റവും കുറവ് ലഭ്യമാകുന്ന ജില്ലകള്‍ ഏതെല്ലാമാണെന്നും പ്രസ്തുത ജില്ലകളില്‍ യഥാക്രമം എത്ര കിലോമീറ്റര്‍ ദൂരം സര്‍വ്വീസ് നടത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ബസ്സുകളുടെ സേവനം കുറവ് ലഭ്യമാകുന്ന ജില്ലകളില്‍ സര്‍വ്വീസ് വ്യാപിപ്പിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

മോട്ടോർ തൊഴിലാളി ക്ഷേമനിധി പരിഷ്ക്കരണം 1

826 ശ്രീ.പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോട്ടോർ തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനത്തിലെ പോരായ്മകൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത ക്ഷേമനിധി പരിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

ഫെയർ സ്റ്റേജുകളിൽ ഉണ്ടായിട്ടുള്ള അപാകതകൾ

827 ശ്രീമതി.കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബസ്ചാർജ് വർദ്ധനവിനെതുടർന്ന് ഫെയർസ്റ്റേജുകളിൽ ഉണ്ടായിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് റോഡപകടങ്ങൾ</u>

828 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) മോട്ടോർ വാഹന നിയമം കാലോചിതമായി പരിഷ്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

## എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കാൻ നടപടി

829 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് അപകടങ്ങൾ നിയന്ത്രിക്കാനായി മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കാൻ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയ തീരുമാനങ്ങളിൽ എന്തെല്ലാം നടപടി സ്വീകരിച്ചു;

(ബി) മോട്ടോർ വാഹന വകുപ്പിൽ ആവശ്യത്തിന് ഫീൽഡ് സ്റ്റാഫുകളെ നിയമിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും;

(സി) നിയമസഭാ സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള കൊല്ലം ജില്ലയിലെ റൂറൽ റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ് കൊട്ടാരക്കരയിൽ സ്ഥാപിക്കാൻ നടപടി എടുക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>ഓട്ടോ റിക്ഷ ചാർജ്</u>

830 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യഥാർത്ഥ മീറ്റർ നിരക്കിന്റെ ഇരട്ടിയിലേറെ ചാർജ്ജ് പൊതുജനങ്ങളിൽ നിന്നും ഓട്ടോ റിക്ഷ ഡ്രൈവർമാർ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രധാന നഗരങ്ങളിൽ പലയിടങ്ങളിലായി പ്രീ പെയ്ഡ് കൗണ്ടറുകൾ സ്ഥാപിക്കണമെന്ന ശുപാർശ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) രാത്രികാലങ്ങളിൽ എത്ര സമയം മുതലാണ് അധിക ചാർജ്ജ് നൽകേണ്ടി വരികയെന്ന് വെളിപ്പെടുത്താമോ ; ഇതിനായി നൽകേണ്ട ചാർജ്ജിന്റെ നിരക്ക് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>വടക്കഞ്ചേരി ടൗണിലെ ട്രാഫിക് പ്രശ്നം</u>

831

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ ഏറെ തിരക്കേറിയ വടക്കഞ്ചേരി ടൗണിലെ രൂക്ഷമായ ട്രാഫിക് പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കാനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് ഏതെങ്കിലും അനുയോജ്യമായ സ്ഥാപനത്തെ ചുമതലപ്പെടുത്താമോ;

(സി) വടക്കാഞ്ചേരിയിലെ ട്രാഫിക് പ്രശ്ന പരിഹാരത്തിന് ഒരു ദീർഘകാല പദ്ധതി തയ്യാറാക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>സ്വകാര്യ ബസ്സുകൾക്ക് അനുവദിച്ച റൂട്ടിലൂടെ സർവ്വീസ് നടത്താൻ നടപടി</u>

832 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ അവികസിത പ്രദേശങ്ങളിലേക്ക് സർവ്വീസ് നടത്താനുള്ള പെർമിറ്റുകളുടെ മറയിൽ സ്വകാര്യ ബസ്സുകൾ ദേശസാത്കൃത റൂട്ടുകളിലൂടെ സർവ്വീസ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം വയനാട്ടിൽ കെ.എസ്.ആർ.ടി.സി.ക്ക് ഓരോ ദിവസവും എത്രരൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) വാഹനങ്ങളുടെ പെർമിറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന റൂട്ടുകളൽ കൂടിത്തന്നെ പ്രസ്തുത വാഹനം ഓടിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

മലബാർ മേഖലയിൽ ബസ് സർവ്വീസ്

833 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ് ഉടമകളും കെ.എസ്.ആർ.ടി.സി.യിലെ ചില ഉദ്യോഗസ്ഥരും ചേർന്നുള്ള ധാരണ പ്രകാരം മലബാർ മേഖലയിൽ കോർപ്പറേഷന്റെ തിരക്കേറിയ പല ഷെഡ്യൂളുകളും നിരന്തരം റദ്ദാക്കുന്നതായ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പരിശോധിക്കുമോ;

(ബി) ഇത്തരം റൂട്ടുകളിൽ പെർമിറ്റ് പോലുമില്ലാതെ സ്വകാര്യ വാഹനങ്ങൾ സർവ്വീസ് നടത്തുന്ന സാഹചര്യം പരിശോധിക്കുമോ;

(സി) നിലവിലുള്ള പലറൂട്ടുകളും റീഷെഡ്യൂൾ ചെയ്യുകയാണെങ്കിൽ മലബാർ മേഖലയിൽ കോർപ്പറേഷന്റെ വരുമാനത്തിൽ ഗണ്യമായ ഉയർച്ച ഉണ്ടാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതു പരിശോധിക്കുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>തൃശ്ശൂർ - ഗോവിന്ദപുരം ചെയിൻ സർവ്വീസ്</u>

834 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലേക്ക് ഏതെല്ലാം സ്ഥലങ്ങളിൽ നിന്നാണ് കെ.എസ്.ആർ.ടി.സി ചെയിൻ സർവ്വീസ് നടത്തുന്നത്;

(ബി) അയൽസംസ്ഥാനമായ തമിഴ്നാട്ടിലെ പളനി പൊള്ളാച്ചി എന്നീ സ്ഥലങ്ങളിലേക്ക് തൃശ്ശൂരിൽ നിന്നും പാലക്കാട് നിന്നും ധാരാളം യാത്രക്കാർ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയം കണക്കിലെടുത്ത് തൃശൂർ-ഗോവിന്ദപുരം കെ.എസ്.ആർ.ടി.സി ചെയിൻ സർവ്വീസ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>നിറുത്തലാക്കിയ ബസ് സർവ്വീസുകൾ</u>

835 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നിറുത്തലാക്കിയ ബസ് സർവ്വീസുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) നിറുത്തലാക്കിയ പ്രസ്തുത സർവ്വീസുകളിൽ ലാഭകരമായി സർവ്വീസ് നടത്തിയിരുന്നവ ഏതൊക്കെയാണ്;

(സി) ചാത്തന്നൂർ ഡിപ്പോയിൽ നിന്നും കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) 2010-ൽ എത്ര ബസുകളാണ് സർവ്വീസ് നടത്തിയിരുന്നത്; നിലവിൽ എത്ര ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി നിർത്തലാക്കിയ ഷെഡ്യൂളുകൾ</u>

836 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ, കിളിമാനൂർ കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ നിന്നും നിർത്തലാക്കിയ ഷെഡ്യൂളുകൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) രൂക്ഷമായ യാത്രാക്ഷാമം നേരിടുന്ന മണ്ഡലത്തിലെ കവലയൂർ, ചെറുന്നിയൂർ, മണമ്പൂർ, ഒറ്റൂർ പ്രദേശങ്ങൾക്ക് ഏറെ സഹായകമായിരുന്ന പരവൂർ ഫാസ്റ്റ് പാസഞ്ചർ (തിരുവനന്തപുരം-പരവൂർ) നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആറ്റിങ്ങൽ-വർക്കല മണമ്പൂർ എം.എൽ.എ. റോഡ് വഴി ഓർഡിനറി ബസ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർത്തലാക്കിയ ഷെഡ്യൂളുകൾ പുനസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പുതിയ ഷെഡ്യൂളുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

ഇടുക്കി നിയോജകമണ്ഡലത്തിലെ നിലച്ചുപോയ ബസ് സർവ്വീസുകൾ

837 ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി നിയോജകമണ്ഡലത്തിലെ വിവിധ റൂട്ടുകളിൽ സർവ്വീസ് നടത്തിയിരുന്ന പല കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളും നിലച്ചുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

(ബി) ഇപ്രകാരം തൊടുപുഴ ഡിപ്പോ, കട്ടപ്പന സബ് ഡിപ്പോകളിൽ നിന്ന് സർവ്വീസ് നടത്തിയിരുന്ന എത്ര ബസ്സ് സർവ്വീസുകളാണ് നിലച്ചുപോയത്; ആയതിന്റെ വിശദാംശങ്ങൾ നല്കുമോ;

(സി) ഇപ്രകാരം നിലച്ചുപോയ ദീർഘദൂര ബസ് സർവ്വീസുകൾ ഏതെല്ലാമാണ്;

(ഡി) നിലച്ചുപോയ പ്രസ്തുത ബസ് സർവ്വീസുകൾ പുനരാരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>തൊട്ടിൽപാലം ഡിപ്പോയിലെ ഡീസൽ പമ്പ്</u>

838 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ തൊട്ടിൽപാലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഒരു ദിവസം പരമാവധി എത്ര ബസ്സുകൾ സർവ്വീസ് നടത്തിയിരുന്നു;

(ബി) ഇപ്പോൾ എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്; കണക്കുകൾ വ്യക്തമാക്കാമോ; കുറവുണ്ടെങ്കിൽ പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തുന്ന ബസ്സുകൾ ഇന്ധനം നിറയ്ക്കാൻ മാനന്തവാടിയിലും കോഴിക്കോട്ടുമുള്ള ഡീസൽ പമ്പുകളെ ആശ്രയിക്കേണ്ടിവരുന്നതിനാൽ തൊട്ടിൽപാലം ഡിപ്പോയിൽ ഡീസൽ പമ്പ് തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ ഒഴിവുകൾ</u>

839 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് ;

(ബി) പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>ജസ്റ്റിസ് രാമചന്ദ്രൻ സമിതിയുടെ റിപ്പോർട്ട്</u>

840

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാസഞ്ചർ മോട്ടോർ വ്യവസായവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പഠിക്കാനായി സർക്കാർ നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ സമിതിയുടെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) വിദ്യാർത്ഥികളുടെ കൺസഷൻ നിരക്ക്, പ്രായപരിധി എന്നിവയിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയതെന്ന് അറിയിക്കുമോ;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ നിരക്കു വർദ്ധന നടപ്പാക്കിയത്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

കായംകുളം-എറണാകുളം ദേശീയപാതയിൽ നിലവിലുളള യാത്രാക്ലേശം പരിഹരിക്കാൻ നടപടി

841 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും കഴിഞ്ഞ 2 വർഷമായി റദ്ദ് ചെയ്ത സർവ്വീസുകൾ എത്രയാണെന്നും അവ ഏതെല്ലാം ആണെന്നും വ്യക്തമാക്കുമോ;

(ബി) കായംകുളം-എറണാകുളം ദേശീയപാതയിൽ നിലവിലുളള യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) കായംകുളം ഡിപ്പോയിൽ നിന്നും കഴിഞ്ഞ രണ്ട് വർഷത്തിനു ളളിൽ ആരംഭിച്ചിട്ടുളള പുതിയ സർവ്വീസുകൾ ഏതെല്ലാം ആണ് എന്ന് വ്യക്തമാക്കാമോ;

(ഡി) കായംകുളം കെ.എസ്.ആർ.ടി.സി. സ്റ്റേഷനിൽ നിന്നും കായംകുളം റെയിൽവേസ്റ്റേഷനിലേക്കുളള യാത്രാക്ലേശം പരിഹരിക്കുന്നതിന് പുതിയ സർവ്വീസുകൾ ആരംഭിയ്ക്കുമോ;

(ഇ) കായംകുളം റെയിൽവേ സ്റ്റേഷനിൽ പ്രീ-പെയ്ഡ് ആട്ടോ-ടാക്സി കൗണ്ടർ തുറക്കുന്നത് സംബന്ധിച്ച ആവശ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിനാവശ്യമായ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

ബോട്ട് അപകടങ്ങളെക്കുറിച്ച് വിലയിരുത്താൻ നടപടി

842 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന ബോട്ട് അപകടങ്ങളെക്കുറിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഉണ്ടായ പ്രധാന ബോട്ട് അപകടങ്ങൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിൽ ഏതെല്ലാം അപകടങ്ങളെക്കുറിച്ച് അന്വേഷിക്കാനാണ് കമ്മീഷനുകളെ നിയോഗിച്ചിരുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഏതെല്ലാം കമ്മീഷനുകളാണ് ഇതിനകം റിപ്പോർട്ട് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് ഏതെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ;

(എഫ്) ഈ അടുത്തകാലത്തായി ഹൗസ് ബോട്ടുകൾ തുടരെത്തുടരെ അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>ശബരിമല മാസ്റ്റർ പ്ലാൻ</u>

843 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' പി. എ. മാധവൻ
'' പി. സി. വിഷ്ണുനാഥ്
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ഈ സീസണിന് മുമ്പ് പൂർത്തീകരിക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) ശബരിമല ''സ്വാമി അയ്യപ്പൻ റോഡ്'' സഞ്ചാരയോഗ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) ശബരിമലയിൽ കരസേനയുടെ സഹായത്തോടെ നിർമ്മിക്കുന്ന ''ബെയ്‌ലിപാലം'' നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ ;

(ഡി) ശബരിമലയിൽ മാലിന്യനിർമ്മാർജ്ജനത്തിനായി എന്തെല്ലാം പദ്ധതികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

ശബരിമല പാക്കേജിൽ 'മിനി പമ്പയെ' ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

844 ഡോ. കെ.ടി ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം-ഭാരതപ്പുഴയുടെ പാലത്തിനരികെ 'മിനി പമ്പയിൽ' ശബരിമല തീർത്ഥാടകർക്ക് ഏറെ ബുദ്ധിമുട്ട് നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ നിരവധി അപകട മരണങ്ങൾ നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മിനിപമ്പയുടെ ഇരു ഭാഗങ്ങളിലുമായി 250 മീറ്റർ നീളത്തിൽ ഭാരതപ്പുഴ ഭിത്തി കെട്ടി സംരക്ഷിച്ച് അയ്യപ്പ ഭക്തന്മാർക്ക് സൗകര്യപ്രദമായ കുളിക്കടവ് നിർമ്മിക്കുന്ന പദ്ധതി ശബരിമല പാക്കേജിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>ശബരിമലയിലെ തിരക്ക് കുറയ്ക്കുന്നതിനുള്ള നടപടികൾ</u>

845 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ തിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി നിർമ്മിക്കാനുദ്ദേശിക്കുന്ന കരസേനയുടെ 'ബെയ്‌ലി പാല'ത്തിന് എത്ര രൂപയാണ് ചെലവു വരുന്നത് ;

(ബി) പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ; അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ ; എന്നത്തേക്ക് ഈ പുതിയ പാലവും അപ്രോച്ച് റോഡും തുറന്നു കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) പുതിയ സംവിധാനം ഏർപ്പെടുത്തുന്നതുവഴി തിരക്ക് എങ്ങനെ കുറയ്ക്കൻ കഴിയുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത് ;

(ഇ) ഇതിനായി സംസ്ഥാന സർക്കാർ എത്ര കോടി രൂപയാണ് മുടക്കുന്നത് ; ബാക്കി തുക എങ്ങനെ കണ്ടെത്തും ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

ശബരിമല സന്നിധാനത്ത് കരസേന നിർമ്മിക്കുന്ന പാലത്തിന്റെ നിർമ്മാണം

846 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. എം.എ. വാഹീദ്
ശ്രീ. പി.സി. വിഷ്ണുനാഥ്
ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്നിധാനത്തിലെ തിരക്ക് കുറക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) സന്നിധാനത്ത് കരസേനയുടെ എൻജിനീയറിംഗ് വിഭാഗം നിർമ്മിക്കുന്ന പാലത്തിന്റെ പണി ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(സി) പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം സംബന്ധിച്ച് ധാരണാപത്രം ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഈ മണ്ഡലകാലത്തിന് മുമ്പ് ഇതു പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ പാൽപ്പായസം</u>

847 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ക്ഷേത്രത്തിലെ പാൽപ്പായസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ പാൽപ്പായസത്തിന് ആവശ്യമായ പാൽ ശേഖരിക്കുന്നത് എവിടെനിന്നാണ് ; ഒരു ലിറ്റർ പാലിന് എന്തുവിലയാണ് ദേവസ്വം ബോർഡ് നൽകുന്നത് ;

(സി) ഭക്തജനങ്ങൾക്ക് ആവശ്യാനുസരണം പാൽപ്പായസം മിതമായ നിരക്കിൽ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>കാക്കാഴം പള്ളിക്കാവ് ക്ഷേത്രം</u>

848 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെ കാക്കാഴം പള്ളിക്കാവ് ക്ഷേത്രത്തിൽ മോഷണം നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ക്ഷേത്രത്തിൽ നിന്നും എന്തെല്ലാം സാധനങ്ങൾ നഷ്ടപ്പെട്ടുവെന്നും ഭാവിയിൽ മോഷണം തടയാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) ക്ഷേത്രത്തിന്റെ ചുറ്റുമുള്ള ക്ഷേത്രവക സ്ഥലങ്ങൾ സ്വകാര്യ
വ്യക്തികൾ കൈയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവ തിരിച്ചുപിടിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) കാക്കാഴം പള്ളിക്കാവ് ക്ഷേത്രത്തിൽ കാവൽക്കാരെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

"തിരുമല - തിരുപ്പതി ദേവസ്ഥാനം'' -ഇൻഫർമേഷൻ സെന്ററുകൾ

849 ശ്രീ. പി. എ മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആന്ധ്രാപ്രദേശിലെ തിരുപ്പതി ക്ഷേത്രദർശനത്തിനായി കേരളത്തിൽ നിന്നും പ്രതിവർഷം ഏകദേശം എത്ര തീർത്ഥാടകർ പോകുന്നുവെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തീർത്ഥാടകർക്കായി സംസ്ഥാന സർക്കാരോ ദേവസ്വം ബോർഡോ എന്തെങ്കിലും സൗകര്യങ്ങൾ നൽകുന്നുണ്ടോ;

(സി) ഇന്ത്യയിലെ പ്രധാന നഗരങ്ങളിലും കേരളം ഒഴികെ ദക്ഷിണേന്ത്യയിലെ നിരവധി നഗരങ്ങളിലും തിരുപ്പതി ദർശനത്തിന് പോകുന്നവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി "തിരുമല തിരുപ്പതി ദേവസ്ഥാനം" (ടിടിഡി) വക ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടി. ടി.ഡി യുടെ സഹകരണത്തോടെ തിരുപ്പതി ദർശനത്തിന് പോകുന്നവർക്ക് പൂജയ്ക്കും താമസത്തിനും ആവശ്യമായ സഹായങ്ങൾ ചെയ്യുന്ന ഇത്തരം സെന്ററുകൾ ഗുരുവായൂർ ദേവസ്വം ബോർഡ് ആസ്ഥാനത്തും തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്തും ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?